ആദ്യകാലത്തെ സ്വകാര്യ റേഡിയോനിലയങ്ങൾ

കോന്നിയൂർ ആർ നരേന്ദ്രനാഥ്

ചെലവു ചുരുക്കാനായി റേഡിയോ സർവീസ് നിർത്തിവെക്കുന്നതാണെന്ന് 1931 ഒക്ടോബർ ഒമ്പതിന് ഇന്ത്യാ ഗവർമെണ്ട് പ്രഖ്യാപിച്ചു. പൊതുജനാഭിപ്രായം മാനിച്ച് ബോംബെ, കൽക്കത്ത നിലയങ്ങൾ ഏറ്റെടുത്തിട്ട് അന്ന് എട്ടുമാസമേ കഴിഞ്ഞിരുന്നുള്ളൂ. സർക്കാരിൻെറ റിട്രെഞ്ച്മെൻറ് കമ്മറ്റിയാണതു ശുപാർശ ചെയ്തത്.

ഇത്തവണയും റേഡിയോയെ രക്ഷിക്കാൻ പൊതുജന സമ്മർദമാണുതകിയത്. ശക്തിയായ പ്രതിഷേധം ബംഗാളിലായിരുന്നു. സാധാരണ നികുതിദായകരെ സ്പർശിക്കാതെ റേഡിയോയുടെ കാര്യങ്ങൾ നടത്താൻ ഒരു പദ്ധതിയാവിഷ്കരിച്ചതും സഹായമായി. അങ്ങനെ ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ്ങ് സർവീസ് സ്ഥിരമാക്കാനുള്ള തീരുമാനം 1932 മെയ് അഞ്ചിന് ഉണ്ടായി.

സർക്കാരിൻെറ ചുമതല, ഏറ്റെടുത്ത രണ്ടു നിലയങ്ങളെ മാത്രമേ സ്പർശിച്ചുള്ളു. ഈ കാലത്ത് ഇന്ത്യയിൽ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന കുറെ റേഡിയോ നിലയങ്ങളുമുണ്ടായിരുന്നു.

അതിലൊന്നായിരുന്നു മദിരാശി നഗരസഭയുടെ മദിരാശി നിലയം.

വൈഎംസിഎയുടെ ആഭിമുഖ്യത്തിൽ ലാഹോറിൽ ഒരു ചെറിയ കേന്ദ്രം 1928ൽ സ്ഥാപിതമായി. ഒറ്റയാളുടെ മേൽനോട്ടത്തിലാണ് അതു നടന്നത്. പെറ്റേർസൺ (Peterson) എന്ന അമേരിക്കക്കാരനായിരുന്നു സൂത്രധാരൻ.

പഞ്ചാബ് ടെക്സ്റ്റ് ബുക്ക് കമ്മറ്റിയുടെയും സർക്കാരിൻെറ മറ്റ് ഏർപ്പാടുകളുടെയും കൂട്ടായുള്ള ഒരു വാർഷിക സഹായധനം – 1500 രൂപയാണ് നിത്യച്ചെലവിനുതകിയത്. എന്നാൽ പ്രയാസങ്ങൾ അതിനെയും വലച്ചു. ഗത്യന്തരമില്ലാതെ 1937 സപ്തംബർ ഒന്നിന് നിലയം അടച്ചു.

1935 ജനുവരി മുതൽ അലഹാബാദിൽ ഒരു കേന്ദ്രം പ്രവർത്തിക്കാൻ തുടങ്ങി. അവിടത്തെ കൃഷിഗവേഷണാലയത്തിൻെറ പ്രിൻസിപ്പലിനാണ് അനുമതി നൽകിയത്. ദിവസംതോറും ഒരു മണിക്കൂർ പരിപാടി. എല്ലാം ഗ്രാമീണർക്കുള്ള ഇനങ്ങളുമായിരുന്നു.

ഡെറാഡൂണിലാണ് വേറൊരു നിലയമുണ്ടായിരുന്നത്. പൊതുജനങ്ങളിൽ നിന്ന് പണം പിരിച്ച്, അവിടത്തെ മുതിർന്ന സർക്കാരുദ്യോഗസ്ഥൻ ഹാലോപിസ് ആണ് കേന്ദ്രത്തിന് ഏർപ്പാട് ചെയ്തത്.

ഇരുപത്തിരണ്ടോളം ഗ്രാമങ്ങളിൽ പരിപാടി കേൾക്കുന്നതിന് കമ്യൂണിറ്റി സെറ്റുകൾ വിതരണം ചെയ്തിരുന്നു. ഗ്രാമോദ്ധാരണമായിരുന്നു മുഖ്യലക്ഷ്യം. 1936 ഏപ്രിൽ ആറിന് ആരംഭിച്ച റേഡിയോയുടെ മേൽനോട്ടം വഹിച്ചത് ഇമ്പീരിയൽ ഫോറസ്റ്റ് സർവീസിലെ ഒരുദ്യോഗസ്ഥനാണ്. ഇതും പ്രയാസങ്ങളാൽ പൂട്ടേണ്ടിവന്നു– 1938 മെയ് ഒന്നിന്.

ഇംഗ്ലണ്ടിലെ മാർക്കോണി കമ്പനിക്കാർ, വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാന സർക്കാരിന് ഒരു റേഡിയോ പ്രസരണിയും കുറെ റിസീവറുകളും ഒരു കൊല്ലത്തേക്ക് കടമായി കൊടുത്തു.

പദ്ധതി പ്രയോജനപ്പെട്ടെന്നു വ്യക്തമായാൽ ഉപകരണങ്ങളെല്ലാം വാങ്ങണമെന്നായിരുന്നു വ്യവസ്ഥ. 1935 ജനുവരിയിൽ പെഷവാറിലാണ് കേന്ദ്രം പ്രവർത്തിച്ചു തുടങ്ങിയത്. പ്രാദേശിക സർക്കാരിൻെറ അഭ്യർഥനയനുസരിച്ച് 1937 ഏപ്രിൽ ഒന്നിന് അത് ഇന്ത്യാ ഗവർമെണ്ട് ഏറ്റെടുത്തു.

ഇപ്പറഞ്ഞവയെല്ലാം ബ്രിട്ടീഷിന്ത്യയിലുള്ളവയായിരുന്നെന്ന് ഓർമിക്കുമല്ലോ. സ്വകാര്യ ഏജൻസികളുമായാണ് എല്ലാം നടത്തിയിരുന്നതും.

ചില നാട്ടുരാജ്യങ്ങളിലും റേഡിയോ സ്ഥാപനങ്ങളുണ്ടായിരുന്നു. നാട്ടുരാജ്യ സർക്കാരിൻെറ വക.


ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ് കോർപറേഷൻെറ ഡയറക്ടർ ജനറലായിരുന്ന സർ ജോൺ റീത്ത്, ഇന്ത്യ വൈസ്രോയി വില്ലിങ്ങ്ടൺ പ്രഭുവിനെ റേഡിയോ കാര്യങ്ങളിൽ തൽപരനാക്കാൻ കുറച്ചൊന്നുമല്ല ശ്രമിച്ചിട്ടുള്ളത്. തികച്ചും നൂതനമായ ഒരു സാങ്കേതിക മേഖലയായിരുന്നതിനാൽ ഇന്ത്യാ ഗവർമെണ്ടോ വൈസ്രോയി തന്നെയോ അതിൻെറ ചുമതല നേരിട്ടേടുക്കണമെന്നായിരുന്നു റീത്തിൻെറ മോഹം. അതിനുവേണ്ടി പ്രസക്തമായ എല്ലാ സ്ഥാനങ്ങളിലും അഭിപ്രായമറിയിക്കാൻ റീത്ത് താൽപര്യം കാണിച്ചു. 1935ലെ ഭരണനിയമം പാസാക്കിയപ്പോൾ കേന്ദ്രസർക്കാരിൻെറ അധികാരപ്പട്ടികയിൽ റേഡിയോ ഉൾപ്പെടുത്തുകയുണ്ടായി. എങ്കിലും നാട്ടുരാജ്യങ്ങളിലെ പ്രക്ഷേപണ സംവിധാനത്തിൻെറ പൂർണമായ ഉത്തരവാദിത്വം അതതു രാജ്യത്തെ സർക്കാരിനാണെന്ന് വ്യക്തമാക്കിയിരുന്നു.

ഹൈദരാബാദാണ് റേഡിയോ നിലയം സ്ഥാപിച്ച ആദ്യത്തെ നാട്ടുരാജ്യം. തലസ്ഥാനമായ ഹൈദരാബാദിൽ 1935 ഫെബ്രുവരി മൂന്നിന് ഒരു റേഡിയോ കേന്ദ്രം നിലവിൽവന്നു. കുറേക്കഴിഞ്ഞ് മറ്റൊന്ന് ഔറംഗാബാദിലും സ്ഥാപിച്ചു. ഈ നിലയങ്ങളിൽ പരിപാടി നടത്താൻ വരുന്ന വനിതകൾ പർദ ധരിക്കണമെന്നു നിർബന്ധമായിരുന്നു. പിൻവാതിലിലൂടെയാണവർ സ്റ്റുഡിയോയിലേക്ക് കടക്കേണ്ടിയിരുന്നത്.

ഇന്ത്യാ ഗവർമെണ്ടിൻെറ പൊലീസ് നടപടിക്കുശേഷം 1950 ഏപ്രിൽ ഒന്നിന് നൈസാമിൻെറ രണ്ടുനിലയങ്ങളും ആൾ ഇന്ത്യാ റേഡിയോയുടെ ചുമതലയിലായി. എന്നാൽ ഔറംഗാബാദ് നിലയം 1953ൽ അടച്ചു. അതിനു നിയുക്തനായത് മലയാളിയായ ഒരു സ്റ്റേഷൻ ഡയറക്ടരായിരുന്നു. പർദയില്ലാതെ പരിപാടിക്കു ചെല്ലാനേർപ്പാടുണ്ടാക്കിയതും അദ്ദേഹമാണ്. എന്നാൽ അതിനു ശക്തിയായ എതിർപ്പുണ്ടായി. ഒരു ഉറുദുപത്രം കഠിനമായി വിമർശിക്കുക മാത്രമല്ല പ്രതിനിധിയെ നേരിട്ടയച്ച് പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തു. ക്രമേണ എതിർപ്പ് കെട്ടടങ്ങി. പിന്നീട് ഇരുപത്തിമൂന്നു കൊല്ലത്തിനുശേഷമാണ് ഒരു പുതിയ കെട്ടിടത്തിൽ ഔറംഗാബാദ് നിലയം പുനർജന്മം കൊണ്ടത്.

മൈസൂർ സംസ്ഥാനത്ത് റേഡിയോ എത്തിയത് 1935 സപ്തംബർ 10നാണ്. മൈസൂർ സർവകലാശാലാ വൈസ് ചാൻസലർ ഡാ. മെറ്റ്കാഫ്, അന്ന് അതിൻെറ ഔപചാരികമായ ഉൽഘാടനം നടത്തി. കർണാടക സംഗീതം, പ്രാദേശിക ഭാഷ, പ്രഭാഷണം തുടങ്ങിയവയ്ക്കായിരുന്നു പ്രാധാന്യം. പണ്ഡിതനും സംഗീതജ്ഞനു

(ശേഷം പേജ് IV കോളം 1)



1935ലെ റേഡിയോ ശ്രോതാക്കൾ- അലഹാബാദ് നിലയത്തിൽ നിന്നുള്ള പരിപാടി കേൾക്കുന്ന ഗ്രാമീണ കൃഷിക്കാർ

നല്ല നാടകരചയിതാവിനുള്ള അക്കാദമി അവാർഡു നേടിയ

പ്പിഴ ഒഴിച്ചാൽ മാർത്താണ്ഡവർമ നന്നായി.

പ്രഗൽഭനായ ടി ജി മണിയുടെ രാമനാമഠവും

ങ്ങളുടെ ചാരുതയിൽ സുഭദ്രേ സൂര്യപുത്രി ഹൃദ്യമായി.

'സുഭദ്രേ, സൂര്യപുത്രീ' എന്ന നാടകത്തിൽ നിന്ന്

'ഒടുവിൽ' സംഗീത സംവിധായകനാകുന്നു

നടൻ ഒടുവിൽ ഉണ്ണിക്കൃഷ്ണൻ സംഗീത സംവിധായകനാവുന്നു. കുക്കു ആർട്സിന്റെ സർവംസഹയിലൂടെ.

ചിത്രത്തിന്റെ പൂജയും ഗാനങ്ങളുടെ റെക്കോഡിങ്ങും തരംഗിണിയിൽ നടന്നു. തിക്കുറിശ്ശി ദീപംകൊളുത്തി.

ബിച്ചുതിരുമലയുടേതാണു ഗാനങ്ങൾ. രഞ്ജിത് (രചന), ടോണി (ഛായാഗ്രഹണം), ഭൂമിനാഥൻ (ചിത്രസംയോജനം) എന്നിവരാണ് അണിയറ ജോലികൾ ചെയ്യുന്നത്.



അമൃത – ചമ്പക്കുളം തച്ചൻ

ഇന്നസെന്റിന്റെ കഥ

നടൻ ഇന്നസെന്റിന്റെ കഥ എ ടി അബുവിന്റെ സംവിധാനത്തിൽ ചലച്ചിത്രമാകുന്നു. എഴുത്തുപള്ളി ഫിലിംസിന്റെ പ്രഥമസംരംഭമായ ഈ ചിത്രം ഈ മാസം അവസാനം ചിത്രീകരിച്ചു തുടങ്ങും.

ജെ പള്ളാശേരിയുടേതാണ് തിരക്കഥയും സംഭാഷണവും. യൂസഫലിയുടെ ഗാനങ്ങൾ എം എസ് വിശ്വനാഥൻ ചിട്ടപ്പെടുത്തുന്നു.

ഇന്നസെന്റിനെ കൂടാതെ ജഗദീഷ്, മനോജ് കെ ജയൻ, ജഗതി, മാമുക്കോയ, ഒടുവിൽ, സൈനുദ്ദീൻ, ബോബി കൊട്ടാരക്കര, മാതു, ലളിത എന്നിവർ അഭിനയിക്കുന്നു.

വിയത്നാം കോളനി

സിദ്ദിക്ക്-ലാലിന്റെ വിയത്നാം കോളനി ചിത്രീകരണം തുടങ്ങി. മോഹൻലാൽ, വൈദേഹി, ഇന്നസെന്റ്, മാമുക്കോയ, ദേവൻ, വിജയരാഘവൻ, ഒടുവിൽ, ശങ്കരാടി, രഘു, റഷീദ്, ലളിത, കവിയൂർ പൊന്നമ്മ, ഫിലോമിന എന്നിവരാണ് നടീനടന്മാർ.

പ്രസിഡൻസി മൂവീസിന്റെ ഈ ചിത്രത്തിന്റെ അണിയറയിൽ ബിച്ചുതിരുമല (ഗാനങ്ങൾ), എസ് ബാലകൃഷ്ണൻ (സംഗീതം), വേണു (ക്യാമറ), ടി ആർ ശേഖർ (എഡിറ്റിങ്ങ്), മണി സുചിത്ര (കലാസംവിധാനം) എന്നിവർ പ്രവർത്തിക്കുന്നു.

ആയിരപ്പറ

ഗൗരീദർശനയുടെ ആയിരപ്പറ വേണുനാഗവള്ളി സംവിധാനം ചെയ്യും.

ചിത്രത്തിന്റെ പൂജ മദിരാശിയിലെ കോദണ്ഡപാണി ഓഡിയോ ലാബിൽ നടന്നു. യേശുദാസ് വിളക്കുകൊളുത്തി.

വേണുനാഗവള്ളി തന്നെ കഥയും തിരക്കഥയും തയ്യാറാക്കുന്നു. സംഭാഷണം നാഗവള്ളി ആർ എസ് കുറുപ്പിന്റേതാണ്. നമ്പ്യാതിരി ഛായാഗ്രഹണവും എൻ ഗോപാലകൃഷ്ണൻ ചിത്രസംയോജനവും കൃഷ്ണൻകുട്ടി കലാസംവിധാനവും ചെയ്യുന്നു.

കാവാലത്തിന്റേതാണ് ഗാനങ്ങൾ. രവീന്ദ്രൻ സംഗീത സംവിധാനം ചെയ്യുന്നു.

മധു, മമ്മൂട്ടി ശ്രീനിവാസൻ, നരേന്ദ്രപ്രസാദ്, എം ജി സോമൻ, ഇന്നസെന്റ്, ജഗതി, ശങ്കരാടി, ഉർവശി, സുകുമാരി, വിലാസിനി, വിജയകുമാർ എന്നിവരാണ് നടീനടന്മാർ.

ധ്രുവം

സുനിതാ പ്രൊഡക്ഷൻസിന്റെ ധ്രുവം ജോഷി സംവിധാനം ചെയ്യുന്നു.

സാജൻ ബാബുവിന്റെ കഥയ്ക്ക് എസ് എൻ സ്വാമി തിരക്കഥയും സംഭാഷണവുമെഴുതുന്നു. ദിനേശ് ബാബു ഛായാഗ്രഹണവും കെ ശങ്കുണ്ണി ചിത്രസംയോജനവും ബാബുസിറിൾ കലാസംവിധാനവും ചെയ്യുന്നു. ഷിബുചക്രവർത്തിയും എസ് പി വെങ്കിടേഷും ചേർന്ന് ഗാനങ്ങൾ ഒരുക്കുന്നു.

മമ്മൂട്ടി, സുരേഷ്ഗോപി, ജയറാം, ജനാർദനൻ, ടി ജി രവി, ബാബു നമ്പൂതിരി, വിജയരാഘവൻ, ജോണി, അസീസ്, സണ്ണി, കൊല്ലം തുളസി, ഗൗതമി, രുദ്ര എന്നിവർ വേഷമിടുന്നു.

സ്നേഹസാഗരം

കോക്കേഴ്സ് ഫിലിംസിനുവേണ്ടി സത്യൻ അന്തിക്കാട് സംവിധാനം ചെയ്യുന്ന സ്നേഹസാഗരത്തിന്റെ ചിത്രീകരണം മുഴുമിച്ചു.

മുരളി, മനോജ് കെ ജയൻ, ഇന്നസെന്റ്, ഒടുവിൽ, ബോബി കൊട്ടാരക്കര, നെടുമുടി, ജനകരാജ്, ശങ്കരാടി, ഉർവശി, സുനിത, ലളിത, രാഗിണി, ഫിലോമിന, ജലജ, മീനാഗണേഷ്, മാസ്റ്റർ ലെനിൻ, ബേബി അമ്പിളി എന്നിവരാണ് നടീനടന്മാർ.

ജെ പള്ളാശ്ശേരി രചനയും വിപിൻമോഹൻ ഛായാഗ്രഹണവും കെ രാജഗോപാൽ ചിത്രസന്നിവേശവും കൃഷ്ണൻകുട്ടി കലാസംവിധാനവും ചെയ്തിരിക്കുന്നു. കൈതപ്രവും ജോൺസനും ചേർന്ന് ഗാനങ്ങൾ ഒരുക്കിയിരിക്കുന്നു. ■



ഗൗതമി, മമ്മൂട്ടി – ധ്രുവം

മലയാള മണ്ണിലേക്ക്

(പേജ് III ൽ നിന്ന്)

മായിരുന്ന പ്രഫ. ഗോപാലസ്വാമിയായിരുന്നു ചുമതലക്കാരൻ. കേന്ദ്രമാരംഭിച്ചതു തന്നെ "ആകാശവാണി" എന്ന പേരിലാണ്.

നാട്ടുരാജ്യങ്ങളിൽ തുടങ്ങിയ മറ്റൊരു നിലയം ബറോഡയിലായിരുന്നു. അതിന്റെ ശിലാസ്ഥാപനം ഭരണാധിപതിയായിരുന്ന ഗൈക്കവാർ 1939 മെയ് ഒന്നിന് നടത്തി. അഹമ്മദാബാദിൽ ആൾ ഇന്ത്യാ റേഡിയോയുടെ നിലയം 1954 ജൂൺ ആറിന് പ്രവർത്തിച്ചു തുടങ്ങിയപ്പോൾ ബറോഡകേന്ദ്രം പ്രക്ഷേപണം നിർത്തി. അവിടെയുണ്ടായിരുന്ന സ്റ്റുഡിയോ മാത്രമേ പ്രയോജനപ്പെടുത്താൻ ഏർപ്പാടുണ്ടായുള്ളു. ഇതുപോലെയുള്ള ഒരു ദയനീയാവസ്ഥയനുഭവിച്ച മറ്റൊരു റേഡിയോ നിലയമാണ് മൈസൂർ. 1955 നവംബർ രണ്ടിന് ബംഗ്ലൂർ നിലയം ഉൽഘാടനം ചെയ്തപ്പോൾ മൈസൂറിന്റെ പ്രവർത്തനം നിലച്ചു. ഈ നടപടി ജനങ്ങളെ കുറച്ചൊന്നുമല്ല വെറുപ്പിച്ചത്.

തിരുവിതാംകൂറിൽ റേഡിയോ നിലയം സ്ഥാപിക്കാനുള്ള താൽപര്യം 1936 മുതൽ കണ്ടു. എങ്കിലും തിരുവനന്തപുരത്ത് ഒരു കേന്ദ്രം സ്ഥാപിച്ചത് 1943 മാർച്ച് 12നാണ്. സർവകലാശാലയുടെ കീഴിലായിരുന്നു ആരംഭം. പ്രഫ. സി വി ചന്ദ്രശേഖരനായിരുന്നു ആദ്യത്തെ ഭാരവാഹി.

ഇന്ത്യൻ യൂണിയനിൽ തിരുവിതാംകൂർ ചേരില്ലെന്ന് ദിവാൻ സർ സി പി രാമസ്വാമി പ്രഖ്യാപിച്ച കാലത്ത് അതിനനുകൂലമായി എത്ര പ്രസംഗങ്ങളാണ് തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിങ്ങ് സ്റ്റേഷൻ പ്രസരിപ്പിച്ചത്. അന്ന് അനുകൂലിച്ചു പ്രസംഗിച്ച പലരോടും എന്തുകൊണ്ടാണങ്ങനെ ചെയ്തതെന്ന് പിൽക്കാലത്തു തിരക്കിയിട്ടുണ്ട്, ഈ ലേഖകൻ. "റേഡിയോ പ്രസംഗത്തിന്റെ 'ത്രിൽ'- പ്രയാസമില്ലാതെ കിട്ടാൻ മാത്രം"- എന്നായിരുന്നു ഏറെയാളുകളുടെയും മറുപടി. തിരുവിതാംകൂർ ഭൂപടത്തിലില്ലാതായി. 1950 ഏപ്രിൽ ഒന്നിന് തിരുവിതാംകൂർ ബ്രോഡ്കാസ്റ്റിങ്ങ് സ്റ്റേഷനും ആൾ ഇന്ത്യാ റേഡിയോയിൽ ലയിച്ചു.

തിരുവിതാംകൂറിലെ ദിവാൻജിമാരുടെ വസതിയായിരുന്നു ഭക്തിവിലാസം. ഇന്ന് അവിടം തിരുവനന്തപുരം നിലയത്തിന്റെ ഇരിപ്പിടമാണ്. എംഎൽഎമാരുടെ ഇടത്താവളമായി ഉപയോഗിച്ചിരുന്ന കാലത്താണ് ഭക്തിവിലാസം റേഡിയോയ്ക്കു കിട്ടിയത്. പലരും അന്ന് അതിനെതിരായിരുന്നു. ഒരു രൂപയ്ക്കാണ് അവിടം എ ഐ ആർ വാങ്ങിയത്.

അടുത്തയാഴ്ച: "ഫീൽഡൻ സായിപ്പും എ ഐ ആറും". ■

(13.9.92)?